
وسائل الثبات ـ مليالم

# വിശ്വാസ സ്ഥൈര്യം



جمعية الدعوة والإرشاد وتوعية الجاليات بالزلفي

هاتف: ٤٢٣٤٤٦٦ ٠١٦ ـ فاكس: ٤٢٣٤٤٧٧ ٠١٦

66

جمعية الدعوة بالزلفي

# വിശ്വാസ സ്ഥൈര്യം

## وسائل الثبات – اللغة المليالم

جمعية الدعوة والإرشاد وتوعية الجاليات في الزلفي
Tel: 966 164234466 - Fax: 966 164234477

# وسائل الثبات

ترجمه إلى اللغة المليالم:

جمعية الدعوة والإرشاد وتوعية الجاليات بالزلفي

الطبعة الرابعة: ١٤٤٢/٩ هـ

ح شعبة توعية الجاليات بالزلفي، ١٤٢٠هـ

شعبة توعية الجاليات بالزلفي

وسائل الثبات – الزلفي

.. ص؛ .. سم

ردمك : ١-٧١-٨١٣-٩٩٦٠

(النص باللغة المليالم)

١-الوعظ والإرشاد أ. العنوان

ديوي ٢١٣ ٢٠/٣٧١٦

رقم الإيداع : ٢٠/٣٧١٦

ردمك : ١-٧١-٨١٣-٩٩٦٠

## وسائل الثبات على دين اللّه

# *വിശ്വാസ സ്ഥൈര്യം*

*പരമകാരുണികനും കരുണാനിധിയുമായ*
*അല്ലാഹുവിൻെറ നാമത്തിൽ.*

*സ്തുതിയെല്ലാം അല്ലാഹുവിന്നാകുന്നു. മുഹെമ്മദ് നബിയിലും അ വിടുത്തെ കുടുംബത്തിലും അനുയായികളിലും അന്ത്യനാൾ വരെ അ ദ്ദേഹത്തെ പിൻതുടർന്നവർക്കും അല്ലാഹുവിൻെറ രക്ഷയും അനുഗ്ര ഹവും ഉണ്ടാകട്ടെ.*

*സൽപാൻഥാവിൽ സത്യസന്ധമായി തൻേറടത്തോടെ ജീവിക്കാ നാഗ്രഹിക്കുന്ന ഓരോ മുസ്ലിമിനും അടിസ്ഥാന ആവശ്യമാണ് മ തകാര്യത്തിലുള്ള ദാർഢ്യം.*

*അല്ലാഹു പറയുന്നു:*

﴿ إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلاَئِكَةُ أَلاَّ تَخَافُوا وَلاَ تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنْتُمْ تُوعَدُونَ، نَحْنُ أَوْلِيَاؤُكُمْ فِي الدُّنْيَا وَالآخِرَةِ وَلَكُمْ فِيهَا مَا تَشْتَهِي أَنْفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ، نُزُلاً مِّنْ غَفُورٍ رَّحِيمٍ ﴾ (فصلت، الآية: ٣٠-٣٢)

*ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പി ന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാ രോ അവരുടെ*

അടുക്കല്‍ മലക്കുകള്‍ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്; നിങ്ങള്‍ ഭയപ്പെടുകയോ ദുഃഖി ക്കുകയോ വേണ്ട. നിങ്ങള്‍ക്ക് വാഗ്ദാനം നല്‍കപ്പെട്ടിരു ന്ന സ്വര്‍ഗ്ഗത്തെപ്പറ്റി നിങ്ങള്‍ സന്തോഷമടഞ്ഞു കൊള്ളുക. ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങള്‍ നിങ്ങ ളുടെ മിത്രങ്ങളാകുന്നു. നിങ്ങള്‍ക്ക് അവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകള്‍ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങള്‍ക്കവിടെ നിങ്ങള്‍ ആവശ്യപ്പെടുന്നതെല്ലാം ഉണ്ടായിരി ക്കും. ഏറെ പൊറുക്കുന്നവനും കരുണാനി നിധിയുമായഅല്ലാഹുവിങ്കല്‍ നിന്നുള്ള സല്‍കാരമത്രെ അ ത് [വി.ഖു. 41: 30-32].

﴿ إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا فَلاَ خَوْفٌ عَلَيْهِمْ وَ لاَ هُمْ يَحْزَنُونَ، أُولَئِكَ أَصْحَابُ الْجَنَّةِ خَالِدِينَ فِيهَا جَزَاءً بِماَ كَانُوا يَعْمَلُونَ ﴾

(الأحقاف، الآية:١٣،١٤)

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം ചൊവ്വെ നില കൊള്ളുകയും ചെയ് തവരാരോ അവര്‍ക്ക് യാതൊന്നും ഭയപ്പെടാനില്ല. അവര്‍ ദുഃഖിക്കേണ്ടി വരികയുമില്ല. അവരാകുന്നു സ്വര്‍ഗ്ഗാവകാശി കള്‍. അവരതില്‍ നിത്യവാസികളായിരിക്കും. അവര്‍

പ്രവർ ത്തിച്ചതിനുള്ള പ്രതിഫലമത്രെ അത് [വി.ഖു. 46: 13-14].

ഈ പരിശുദ്ധ വചനങ്ങളിൽ നിന്ന് സ്ഥൈര്യത്തിൻെറ ചില ഗു ണഫലങ്ങൾ നമുക്ക് കണ്ടെത്താം.

1-അല്ലാഹുവുമായുള്ള സുസ്ഥിരബന്ധവും മനസ്സമാധാനവും സ്വ സ്ഥതയും. നേരെചൊവ്വെ ജീവിക്കുന്നവൻ അല്ലാഹുവോടുള്ള തൻെറകടമകൾ മനസ്സിലാക്കിയിരിക്കും. അല്ലാഹുവിൻെറ പ്രീതി കരഗതമാകും വിധം അവനത് നിറവേറ്റുകയും ചെയ്യും.

2-നേരാംവണ്ണം ജീവിക്കുന്നവർക്ക് അല്ലാഹുവിൻെറ സുവാർത്ത:

﴿ إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلاَئِكَةُ ...﴾

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവർ എന്ന് അ ല്ലാഹു പറയുന്നു. അതായത് അല്ലാഹുവിൻെറ കൽപനക്കു കീഴ് പെട്ടു ജീവിക്കുക. അല്ലാഹു കൽപിച്ച പ്രകാരം സൽകർമ്മങ്ങൾ അനുഷ്ഠിക്കുക. വാക്കിലും പ്രവൃത്തിയിലും നിഷ്കളങ്കത പുലർ ത്തുക.

3-മരണവേളയിൽ സന്തോഷവാർത്തയുമായി മലക്കുകളുടെ ആഗ മനം. അവർ ഖബ്റിൽ നിന്ന് ഉയിർത്തെഴുന്നേൽപിക്കപ്പെടുമ്പോ ളായിരിക്കും ഇതെന്നും അഭിപ്രായമുണ്ട്. അവരോട് മലക്കുകൾ പറയും; പരലോകത്തേക്ക് വേണ്ടി നിങ്ങൾ

ചെയ്തുവച്ചതു കൊ ണ്ട് أَلاَ تَخَافُوا (നിങ്ങൾ ഭയപ്പെടുകയോ) ഇഹലോകത്തിൽ നിങ്ങൾ വിട്ടേച്ചുപോന്ന സമ്പത്തും സന്താനങ്ങളും കുടുംബത്തെ യും കുറിച്ച് وَلاَتَحْزَنُوا (ദുഃഖിക്കുകയോ വേണ്ട).

4-അല്ലാഹു വാഗ്ദത്തം ചെയ്ത സ്വർഗ്ഗത്തെ കുറിച്ചുള്ള മലക്കുക ളുടെ സന്തോഷവാർത്ത.

﴿ وَأَبْشِرُوا بِالْجَنَّةِ الَّتِي كُنْتُمْ تُوعَدُونَ ﴾

നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗ്ഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞു കൊള്ളുക.

5-മലക്കുകളുടെ മൈത്രി: ഇഹലോകത്തിൽ അവർക്ക് സ്ഥൈര്യം നൽകുന്നു. തെറ്റുകളിൽ ചെന്നു വീഴാതെ അവരെ സംരക്ഷിക്കു ന്നു. പരലോകത്തിൽ അവരുടെ ഖബ്റുകൾ മുതൽ സ്വർഗപ്ര വേശ ം വരെ അവരെ സ്വീകരിച്ചാനയിക്കുന്നു.

﴿ نَحْنُ أَوْلِيَاؤُكُمْ فِي الدُّنْيَا وَالآخِرَةِ ﴾

ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങ ളുടെ മിത്രങ്ങളാകുന്നു.

6-അവരാഗ്രഹിക്കുന്നതെല്ലാം സ്വർഗ്ഗത്തിലുണ്ടായിരിക്കുമെന്ന വാഗ് ദാനം: അവരുടെ മനസ്സുകൾ ആഗ്രഹിക്കുന്നതും കണ്ണുകൾ കൊതിക്കുന്നതും നാവുകൊണ്ട് ആവശ്യപ്പെടുന്നതുമായ എന്തും അല്ലാഹുവിൻെറ

അനുഗ്രഹ ഫലമായി അവർക്കവിടെ ലഭിക്കു മെന്ന ദൈവവാഗ്ദാനം.

﴿ وَلَكُمْ فِيهَا مَا تَشْتَهِي أَنْفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ ﴾

നിങ്ങൾക്ക് അവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാം ഉണ്ടായിരിക്കും. നിങ്ങൾക്കവിടെ നി ങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ഉണ്ടായിരിക്കും.

7-നേരാംവണ്ണം ജീവിതം നയിക്കുന്നവനെ -അല്ലാഹുവും- ശേഷം ഈ ജീവിതവും, തെറ്റുകൾ, സൽകർമ്മങ്ങളിലുള്ള അലസത, നീ ചരുമായുള്ള കൂട്ടുകെട്ട്, ബുദ്ധിശൂന്യമായ പ്രവർത്തനങ്ങൾ എ ന്നിവയിൽ നിന്നും സംരക്ഷിക്കും.

## ചാഞ്ചല്യം എന്തുകൊണ്ട് ?

ഇക്കാര്യത്തിലുള്ള ചാഞ്ചല്യത്തിനുള്ള കാരണം പലതാണ്.

ആധുനിക മുസ്ലിം സമൂഹങ്ങളുടെ അധഃപതനവും സോച്യാ വസ്ഥയും. അവർ തീക്കാഞ്ഞുകൊണ്ടിരിക്കുന്ന ആകർഷകങ്ങളായ വസ്തുക്കളും പ്രലോഭനങ്ങളും മതത്തെതന്നെ അപരിചിതമാക്കി ത്തീർത്ത ആശയക്കുഴപ്പങ്ങളും ഇതിനുള്ള കാരണങ്ങളത്രെ. അ ക്കാരണത്താൽതന്നെ മതപ്രതിബദ്ധത പുലർത്തുന്നവൻ ഒരപൂർവ്വ വസ്തുവായി മാറിയിരിക്കുന്നു. നബി (സ) പറഞ്ഞതുപോലെ:

يأتي على الناس زمان، القابض على دينه كالقابض على الجمر.

മതത്തെ മുറുകെപ്പിടിക്കുന്നവൻ തീക്കനൽ പിടിച്ചു നിൽ ക്കുന്നവനെപ്പോലെയാകുന്ന ഒരുകാലം മനുഷ്യർക്ക് വരും.

ഇന്നത്തെ മുസ്ലിമിന് മതത്തിൽ ദാർഢ്യം നൽകുന്ന കാര്യങ്ങൾ, അവ സ്വായത്തമാക്കാനുള്ള അദ്ധ്വാനങ്ങളും മുൻഗാമികളെക്കാൾ അത്യാവശ്യമാണെന്ന കാര്യത്തിൽ ബുദ്ധിയുള്ള ഒരാൾക്കും സംശയ മുണ്ടാകില്ല. കാരണം, കാലം അത്രമാത്രം ദുഷിച്ചുപോയി. സഹോ ദരർ വിരളവും സഹായികൾ ബലഹീനരും കൂട്ടുകാർ കുറവുമാ യിത്തീർന്നിരിക്കുന്നു.

# ദാർഢ്യതയിലേക്കുള്ള മാർഗ്ഗം

അല്ലാഹു അവൻെറ ഗ്രന്ഥത്തിലൂടെ, പ്രവാചകൻെറ നാവിലൂ ടെ, അദ്ദേഹത്തിൻെറ ജീവിതത്തിലൂടെ- അവൻെറ അനുഗ്രഹത്താ ൽ- മതത്തിൽ ഉറച്ചു നിൽക്കാനുള്ള ധാരാളം മാർഗ്ഗങ്ങൾ വിശദ മാക്കിയിയിട്ടുണ്ട്. മാന്യവായനക്കാർക്കായി ചിലകാര്യങ്ങൾ മാത്രം ഇവിടെ പറയാം.

## 1-ഖുർആൻ ഉൾക്കൊള്ളുക

മതത്തിൽ ഉറച്ചുനിൽക്കാനുള്ള ഒന്നാമത്തെ മാർഗ്ഗം പരിശുദ്ധ ഖു ർആനാകുന്നു. അത് മുറുകെപ്പിടിച്ചവനെ അല്ലാഹു സംരക്ഷി ക്കും. അത് പിൻപറ്റിയവനെ അല്ലാഹു മോചിപ്പിക്കും. അതിലേക്കു ക്ഷണിച്ചവൻ നേർമാർഗത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയവനായി ത്തീരും.

ഖുർആൻ ഘട്ടംഘട്ടമായി അവതരിപ്പിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം തന്നെ സ്ഥൈര്യം നൽകാനാണെന്ന് അല്ലാഹു വ്യക്തമാക്കിയി ട്ടുണ്ട്. അവിശ്വാസികളുടെ സംശയങ്ങൾക്കു മറുപടിയായി അല്ലാ ഹു പറയുന്നു:

﴿ وَقَالَ الَّذِينَ كَفَرُوا لَوْلاَ نُزِّلَ عَلَيْهِ الْقُرْآنُ جُمْلَةً وَاحِدَةً كَذَلِكَ لِنُثَبِّتَ بِهِ فُؤَادَكَ وَرَتَّلْنَاهُ تَرْتِيلاً،وَلاَ يَأْتُونَكَ بِمَثَلٍ إِلاَّ جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا ﴾ (الفرقان،الآية: ٣٢،٣٣)

സത്യനിഷേധികൾ പറഞ്ഞു: ഇദ്ദേഹത്തിന് ഖുർആൻ ഒറ്റ ത്തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അത് അപ്ര കാരം (ഘട്ടങ്ങളിലായി അവതരിപ്പിക്കുക) തന്നെയാണ് വേ ണ്ടത്. അതുകൊണ്ട് നിന്റെ ഹൃദയത്തെ ഉറപ്പിച്ചു നിർ ത്തുവാൻ വേണ്ടിയാകുന്നു. ശരിയായ സാവകാശത്തോടെ നാമത് പാരായണം ചെയ്ത് കേൾപ്പിക്കുകയും ചെയ്തിരി ക്കുന്നു. അവർ ഏതൊരു പ്രശ്നവും കൊണ്ട് നിന്റെ അ ടുത്ത് വരികയാണെങ്കിലും അതിന്റെ യാഥാർത്ഥ്യവും ഏറ്റ വും നല്ല വിവരവും നിനക്കു നാം കൊണ്ടു തരാതിരിക്കില്ല. [വി.ഖു.25:32-33].

## ഖുർആൻ എങ്ങനെ സ്ഥൈര്യംനൽകും ?

അത് മനസ്സിൽ വിശ്വാസം മുളപ്പിക്കും. ദൈവീക ബന്ധത്തിലൂ ടെ ആത്മസംസ്കരണം നൽകും.

ഇസ്‌ലാമിൻെറ ശത്രുക്കളായ അവിശ്വാസികളും കപടന്മാരും പടച്ചുവിടുന്ന ആശയക്കുഴപ്പങ്ങ ൾക്കത് മറുപടിയും നൽകും.

## 2-മതനിയമമനുസരിച്ചു സൽകർമ്മങ്ങൾ ചെയ്യുക.

അല്ലാഹു പറയുന്നു:

﴿ يُثَبِّتُ اللَّهُ الَّذِينَ آمَنُوا بِالْقَوْلِ الثَّابِتِ فِي الْحَيَاةِ الدُّنْيَا وَفِي الآخِرَةِ وَيُضِلُّ اللَّهُ الظَّالِمِينَ وَيَفْعَلُ اللَّهُ ما يَشاءُ ﴾ (إبراهيم،الآية: ٢٧)

ഐഹികജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാ ക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചു നിർ ത്തുന്നതാണ്. അക്രമകാരികളെ അല്ലാഹു ദുർമ്മാർഗ്ഗത്തിലാ ക്കുകയും ചെയ്യും. അല്ലാഹു താനുദ്ദേശിക്കുന്നതെന്തോ, അത് പ്രവർത്തിക്കുന്നു. [വി.ഖു-14:27].

ഈവചനത്തിൻെറ വിശദീകരണത്തിൽ ഖതാദ: പറയുന്നു: (ഐഹികജീവിതത്തിൽ) നന്മയിലും സൽകർമ്മങ്ങളിലും (പര ലോകത്തിൽ) ഖബ്റുകളിലും അവൻ ഉറപ്പിച്ചു നിർത്തുന്നു. മുൻ ഗാമികളായ ഒന്നിലധികം പേരിൽ നിന്നും ഇങ്ങനെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് [ഇബ്നുകഥീർ-4:421].

അല്ലാഹു പറയുന്നു:

﴿...وَلَوْ أَنَّهُمْ فَعَلُوا ماَ يوُعَظُونَ بِهِ لَكاَنَ خَيْرًا لَّهُمْ وَأَشَدَّ تَثْبِيتاً﴾

(النساء،الآية:٦٦)

***...അവരോടുപദേശിക്കും പ്രകാരം അവര്‍ പ്രവര്‍ത്തിച്ചിരു ന്നുവെങ്കില്‍ അതവര്‍ക്ക് ഏറ്റവും ഉത്തമവും (സന്മാര്‍ഗ്ഗത്തി ല്‍) അവരെ കൂടുതല്‍ ശക്തമായി ഉറപ്പിക്കുന്നതും ആകു മായിരുന്നു.*** *[വി.ഖു-4:66].*

***ഇക്കാര്യം വളരെ വ്യക്തമാണ്. നാശങ്ങള്‍ തല പൊക്കുക യും, അപകടങ്ങള്‍ മേല്‍ക്കുമേല്‍ വരികയും ചെയ്യുമ്പോള്‍ സല്‍ കര്‍മ്മങ്ങള്‍ ചെയ്യാതെ ചടഞ്ഞിരിക്കുന്ന മടിയന്മാരില്‍ നിന്ന് സ് ഥൈര്യം നമുക്ക് പ്രതീക്ഷിക്കാമോ?! അതേസമയം സത്യവിശ്വാസി കളും സല്‍കര്‍മ്മികളുമായവരുടെ വിശ്വാസം മൂലം അവരുടെ നാ ഥന്‍ അവരെ നേര്‍മ്മാര്‍ഗ്ഗത്തിലൂടെ നയിക്കുന്നു. അതുകൊണ്ടാണ് നബി (സ) സല്‍കര്‍മ്മ നിരതനായിരുന്നത്. നബി (സ) ക്ക് ഏറ്റ വും ഇഷ്ടം നിത്യവും ചെയ്യുന്ന പ്രവര്‍ത്തനങ്ങള്‍ ആയിരുന്നു അവ ചെറുതാണെങ്കിലും.***

## *3-പ്രവാചക ചരിത്രത്തില്‍ നിന്ന് പാഠമുള്‍ക്കൊള്ളുക.*

***അല്ലാഹു പറയുന്നു:***

﴿ وَكُلاًّ نَقُصُّ عَلَيْكَ مِنْ أَنْباَءِ الرُّسُلِ ماَنُثَبِّتُ بِهِ فُؤَادَكَ وَجاَءَكَ فِي هَذِهِ الْحَقُّ وَمَوْعِظَةٌ وَذِكْرَى لِلْمُؤْمِنِينَ ﴾ (هود،الآية:١٢٠).

*ദൈവദൂതന്മാരുടെ വൃത്താന്തങ്ങളിൽനിന്ന് നിന്റെ മനസ്സി
ന് സ്ഥൈര്യം നൽകുന്നതെല്ലാം നിനക്കുനാം വിവരിച്ചു തരുന്നു. ഇതിലൂടെ യഥാർത്ഥ വിവരവും, സത്യവിശ്വാസിക ൾക്കു വേണ്ട സദുപദേശവും ഉൽബോധനവും നിനക്കു വ ന്നു കിട്ടിയിരിക്കുകയാണ്* [വി.ഖു-11:120].

*നബി (സ) യുടെ കാലത്ത് ഈ വചനങ്ങൾ അവതീർണ്ണമാ യത് തമാശക്കുവേണ്ടിയായിരുന്നില്ല. മറിച്ച് മഹത്തായ ഒരുദ്ദേശ്യ ത്തോടെ മാത്രമായിരുന്നു. നബി (സ) യുടെയും സത്യവിശ്വാസിക ളുടെയും മനസ്സിന് സ്ഥൈര്യം നൽകലായിരുന്നു അത്.*

## 4-പ്രാർത്ഥന

*വിശ്വാസികളായ ദൈവദാസന്മാരുടെ അടയാളമാണ് സ്ഥൈര്യ ത്തിനു വേണ്ടി അല്ലാഹുവോടുള്ള അവരുടെ പ്രാർത്ഥന.*

﴿ رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَ يْتَنَا﴾

*-ഞങ്ങളുടെനാഥാ, ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയതി നു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ.*

﴿ رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا ﴾

*-ഞങ്ങളുടെനാഥാ; ഞങ്ങളുടെമേൽ നീ ക്ഷമ ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തുക യും ചെയ്യേണമേ.*

നബി (സ) ഈ പ്രാർത്ഥന അധികമായി പറയാറുണ്ടായിരുന്നു:

يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ

മനസ്സുകളെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്നവനേ; എന്റെ മനസ്സിനെ നിന്റെ മതത്തിൽ നീ ഉറപ്പിച്ചു നിർത്തേണമേ. (തുർമുദി.)

## 5-ദൈവസ്മരണ

സ്ഥൈര്യം ലഭിക്കാനുള്ള കാര്യങ്ങളിൽ മുഖ്യമായതാണിത്. ദൈവസ്മരണ മനസ്സിന്റെ യാത്രാഭക്ഷണവും ആത്മാവിന്റെ മ രുന്നുമാകുന്നു. ഇത് മുസ്ലിമിനെ തന്റെ നാഥനോടു ബന്ധി പ്പിക്കും.

## 6-സൽപാന്ഥാവിൽ ചരിക്കണമെന്ന അത്യാഗ്രഹം

ഏതൊരു മുസ്ലിമും നിർബന്ധമായും ചരിച്ചിരിക്കേണ്ട ശരി യായ ഏകമാർഗ്ഗം പ്രവാചകന്റെയും സ്വഹാബത്തിന്റേതുമാണ്. ഇതാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ മാർഗ്ഗം എന്ന് പ റയുന്നത്. യഥാർത്ഥ വിശ്വാസത്തിന്റെയും ശരിയായ പന്ഥാവി ന്റെയും, നബിചര്യയും തെളിവുകളും പിൻപറ്റുന്നവരുടെയും മാ ർഗം.

വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഊന്നിനിൽക്കു കയും ജീവിതത്തിലും ചിന്തയിലും അത് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ. മാത്രമേ അത് മനസ്സിൽ ഒരുന്നത സ്ഥാനം പ്രാപി ക്കുകയുള്ളൂ. അല്ലാഹുവിനെ കുറിച്ച ജ്ഞാനവും അവൻ അർഹി

ക്കുന്ന ബഹുമാന-ആദരവുകളും യഥാവിധം അറിയാനും സാധി ക്കുന്നു. അതുപോലെ അവനെ ആരാധിക്കാനും അനുസരിക്കാനും വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട മലക്കുകളിൽ വിശ്വസിക്കാനും സാ ധിക്കുന്നു. അല്ലാഹു പറയുന്നു:

﴿ يُسَبِّحُونَ اللَّيْلَ وَالنَّهَارَ لاَيَفْتَرُونَ ﴾ (الأنبياء،الآية:٢٠)

അവർ രാവും പകലും (അല്ലാഹുവിൻെറ പരിശുദ്ധിയെ) പ്ര കീർത്തിച്ചു കൊണ്ടിരിക്കുന്നു. അവർ തളരുകയില്ല. [21:20.]

അവരുടെ പ്രവർത്തനങ്ങൾ വ്യത്യസ്തങ്ങളാകുന്നു. മനുഷ്യരെ സംരക്ഷിക്കുന്നവർ, നന്മതിന്മകൾ രേഖപ്പെടുത്തുന്നവർ, സ്വർഗ്ഗത്തി ൻെറ കാവൽക്കാരൻ, നരകത്തിൻെറ കാവൽക്കാരൻ എന്നിങ്ങനെ പല വിധമാണവർ. അവരിൽ ഏറ്റവും ശ്രേഷ്ഠൻ ജിബ്രീൽ (അ) ആകുന്നു. മനുഷ്യ ഹൃദയങ്ങൾക്കു ജീവൻ നൽകുന്ന ദിവ്യസന്ദേ ശത്തിൻെറ വാഹകനാണദ്ദേഹം. അന്ത്യനാളിൽ കാഹളം മുഴക്കു ന്ന ഇസ്റാഫീലും അവരിൽ പെട്ടതാകുന്നു.

അന്ത്യദിനത്തിൽ വിശ്വസിക്കുക. അതിൻെറ ഭയവിഹ്വലതകൾ സദാ ഓർത്തുകൊണ്ടിരിക്കുക. ആ നാളിനെ കുറിച്ച് അല്ലാഹു പ റയുന്നു:

﴿ يَوْمَ يَقُومُ النَّاسُ لِرَبِّ الْعَالَمِينَ ﴾ (المطففين،الآية:٦)

അതെ, ലോക രക്ഷിതാവിങ്കലേക്കു മനുഷ്യർ എഴുന്നേറ്റു വരുന്ന ദിവസം. [83:6.]

അക്രമികളും അഹങ്കാരികളും വഷളാകുന്ന ദിനം. ഓരോ മനുഷ്യ നും അന്നു പറയുക, എൻെറശരീരം, എൻെറ ശരീരം എന്നായിരി ക്കും. തൻെറ നാഥൻെറയടുക്കൽ ശുപാർശ പറയാൻ അനുവാദം ലഭിക്കുന്ന മുഹെമ്മദ് നബി (സ) ഒഴികെ.

വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുക. ഖുർആൻ, തൗറാത്, ഇ ഞ്ചീൽ, സബൂർ, ഇബ്റാഹീം നബിക്കു നൽകപ്പെട്ട ഏടുകൾ എ ന്നിവ ഇതിൽ ഉൾപ്പെടുന്നു.

നന്മയും തിന്മയുമുള്ള വിധിയിലും വിശ്വസിക്കുക. ഈ ലോക ത്ത് സംഭവിച്ചതും നടന്നു കൊണ്ടിരിക്കുന്നതും സംഭവിക്കാനിരിക്കു ന്നതുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൻെറ വിധിപ്രകാരമാകു ന്നു, അതിൽ നിന്ന് യാതൊന്നും പുറത്തു പോകുകയില്ല എന്ന ദൃ ഢവിശ്വാസമാണിത്.

ഈ വിശ്വാസത്തെ നമ്മുടെ മനസ്സിൽ കുടിയിരുത്തിക്കൊണ്ട് അ തിൻെറ ആശയം ഉൾകൊള്ളുക. അതിൻെറ പ്രതികരണം നമ്മു ടെ നിത്യജീവിതത്തിലും സ്വഭാവങ്ങളിലും ഉണ്ടായാൽ അത് മനസ്സി ന് പുതുജീവൻ നൽകും. അതുമൂലം ആരാധനകൾ പരലോക ചിന്തയിൽ ശക്തമായ സ്വാധിനമുണ്ടാക്കും. അല്ലാഹുവിൻെറ മു ന്നിൽ നിൽക്കേണ്ടി വരുമെന്ന തോന്നൽ അവനിൽ ഉണ്ടാക്കും.

ദുഷ്പ്രവൃത്തിക്ക് പ്രേരിപ്പിക്കുന്ന, ദേഹേഛകൾ മാത്രം തോന്നി പ്പിക്കുന്ന, സുഖം മാത്രം കൊതിക്കുന്ന മനസ്സിനോടുള്ള ശക്തമാ യ പോരാട്ടത്തിൻെറ ഘട്ടത്തിലാണ് നാമുള്ളതെന്ന് എപ്പോഴും ഓർ ക്കുക.

## 7-പരിശീലനം

ക്രമപ്രവൃദ്ധവും വൈജ്ഞാനികവും വിശ്വാസപരവുമായ പരി ശീലനം സ്ഥൈര്യത്തിന്റെ അടിസ്ഥാന പ്രേരകങ്ങളിലൊന്നാണ്.

*വിശ്വാസപരമായ ശിക്ഷണം: സ്നേഹ-ഭയ-പ്രതീക്ഷകളാൽ മനസ്സിനെയും മനസ്സാക്ഷിയെയും ഉണർത്തി ജീവസ്സുറ്റതാക്കുന്ന താണിത്.

*വൈജ്ഞാനിക ശിക്ഷണം: യഥാർത്ഥ തെളിവുകളുടെ അടി സ്ഥാനത്തിലാണിത് നിലകൊള്ളുന്നത്. അന്ധമായ അനുകര ണം, തരംതാണ അവസരവാദം എന്നിവയുടെ വിപരീതമാണിത്.

*സമഗ്രശിക്ഷണം: അതിക്രമികളുടെ മാർഗ്ഗമവലം ബിക്കാതെ തന്നെ, ശത്രുക്കളുടെ പദ്ധതികളെ കുറിച്ച് പഠിക്കുക, ഓരോ കാര്യങ്ങളെയും സംഭവങ്ങളെയും കുറിച്ച് വ്യക്തവും വസ്തുനി ഷ്ഠവുമായ അറിവു നേടുക.

*ഘട്ടംഘട്ടമായ ശിക്ഷണം: അളന്നു മുറിച്ച പദ്ധതികളുമായി മുസ്‌ലിമിനെ അൽപാൽപമായി ഉയർച്ചയിലേക്ക് കൊണ്ടു പോ വുക. ധൃതിപിടിച്ച എടുത്തു ചാട്ടമോ, അപകടകാരിയായ കുറു ക്കു വഴികളോ അല്ല.

സ്ഥൈര്യത്തിന്റെ ഈ ഘടകത്തിന്റെ പ്രാധാന്യം മനസ്സിലാ ക്കാൻ നമുക്ക് പ്രവാചക ചരിത്രത്തിലേക്കൊന്നു മടങ്ങി, സ്വന്ത ത്തോടൊന്ന് സംവദിച്ചു നോക്കാം. അടിച്ചമർത്തലിന്റെ കാലഘട്ട ത്തിൽ മക്കയിൽ പ്രവാചകന്റെ അനുയായികൾക്ക് സ്ഥൈര്യം ല ഭിച്ചത് എവിടെ നിന്നായിരുന്നു?

പ്രവാചകത്വത്തിൻെറ വിളക്കുമാടത്തിൽ നിന്ന് ലഭ്യമായ അഗാ ധമായ ശിക്ഷണം കൊണ്ടല്ലാതെ അവരുടെ സ്ഥൈര്യം ഉണ്ടാകാ ൻ സാധ്യമാണോ?

ഖബ്ബാബുബ്നു അറത് (റ) നെ പോലെയുള്ള ഒരു സ്വഹാ ബിയെ നമുക്കെടുക്കാം. അദ്ദേഹത്തിൻെറ യജമാനയായിരുന്ന സ് ത്രീ ഇരുമ്പു ദണ്ഡ് ചുട്ടുപഴുപ്പിക്കുന്നു. അനന്തരം അദ്ദേഹത്തി ൻെറ നഗ്നമായ മുതുകിലേക്കെറിയുന്നു. മുതുകിൽ നിന്നും വാർ ന്നൊഴുകുന്ന നീര് മാത്രമാണ് ആ അഗ്നിയെ കെടുത്തിക്കളയു ന്നത്. ഇതെല്ലാം സഹിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്തായി രുന്നു?

കരിമ്പാറക്കഷ്ണത്തിന്നടിയിൽ, പൊരിവെയിലിൽ കിടക്കുന്ന ബിലാൽ, ചങ്ങലയിലും കയ്യാമങ്ങളിലും ബന്ധിതയായ സുമയ്യഃ . . . !

ശരിയായ ശിക്ഷണം ഇല്ലായിരുന്നെങ്കിൽ ഇവരാരെങ്കിലും സ് ഥൈര്യം കാണിക്കുമായിരുന്നുവോ?

## 8- മാർഗ്ഗത്തെ കുറിച്ച് ദൃഢവിശ്വാസം

മുസ്ലിമിന് തൻെറ മാർഗ്ഗത്തെകുറിച്ച് വിശ്വാസം അധികരിക്കു

മ്പോൾ അതിൽ സ്ഥൈര്യവും അധികരിക്കും.

താങ്കൾ പ്രവേശിച്ചിട്ടുള്ളത്, താങ്കൾക്കു മുമ്പ് പ്രവാചകരും സത്യ സന്ധരും പണ്ഢിതരും രക്തസാ ക്ഷികളും സദ്വൃത്തരും ചരിച്ച അവക്രമായ പാതയിലാണെന്നറിയുക. ഇതറിയുമ്പോൾ താങ്കളു ടെ അപരിചിതത്വം അകന്നുപോകും, ഒറ്റപ്പെടലിനു പകരം കൂട്ടാ ളികൾവരും. സങ്കടം സന്തോഷമായി മാറും. കാരണം മേൽ പറയ പ്പെട്ടവരെല്ലാം ഈ പന്ഥാവിൽ

താങ്കളുടെ കൂട്ടുകാരും സഹോദ രങ്ങളുമാണെന്ന അവബോധം താങ്കൾക്കുണ്ടാകും.

വൈശിഷ്ട്യബോധം താങ്കളിലുണ്ടാകും. അല്ലാഹു പറയുന്നു:

﴿ اَلْحَمْدُ لِلَّهِ وَسَلاَمٌ عَلَى عِبَادِهِ الَّذِينَ اصْطَفَى ﴾ (النمل،الآية:٥٩)

**അല്ലാഹുവിന് സ്തുതി- അവൻ തെരഞ്ഞെടുത്ത അവന്റെ ദാസന്മാർക്ക് സമാധാനം** [വി.ഖു-27:59.]

അല്ലാഹു താങ്കളെ ഒരചേതന വസ്തുവോ, മൃഗമോ, നിരീശ്വര വാദിയായ സത്യനിഷേധിയോ, അനാചാരങ്ങളുടെ പ്രബോധക നോ, തെമ്മാടിയോ, ഇസ്‌ലാമിക മാർഗ്ഗത്തിലേക്കു പ്രബോധനം നടത്താത്ത ഒരു മുസ്‌ലിമോ, നാനാവിധ ജീർണ്ണതകളുടെയും പ്ര ചാരകനോ ആയി പടച്ചിരുന്നെങ്കിൽ എന്തായിരിക്കും താങ്കളുടെ ചിന്ത?

താങ്കൾക്ക് ഇപ്പോഴുള്ള ഈ തിരിച്ചറിവ് അല്ലാഹു വിശിഷ്ഠമാ യി തന്നതു തന്നെയാണെന്ന് തോന്നുന്നില്ലേ? ഈ മാർഗ്ഗത്തിൽ ഉ റച്ചു നിൽക്കാൻ പ്രേരകമായവിധം പ്രവാചകന്റെയും സ്വഹാബി കളുടെയും മാർഗ്ഗത്തിലേക്കുള്ള ഒരു പ്രബോധകനാക്കിയതും അ വൻ തന്നെയാണെന്ന് ബോധ്യം വരുന്നില്ലേ?

## 9-ദൈവമാർഗത്തിലുള്ള പ്രബോധനം

മനസ്സിനു ചലനമില്ലെങ്കിൽ അത് ക്ഷാരമയമാകും. മനസ്സിനെ ചലിപ്പിക്കാനുള്ള ഏറ്റവും നല്ലരംഗം ദൈവമാർസ്സത്തിലേക്കുള്ള പ്ര ബോധനമാണ്. അത് പ്രവാചകരുടെ ഉദ്യോഗമാകുന്നു. നല്ല കാ ര്യങ്ങളാൽ

മനസ്സിന് ജോലി നൽകിയില്ലെങ്കിൽ അത് ദുഷ്ചെയ് തികളിൽ ഏർപ്പെടും. വിശ്വാസമെന്നാൽ വർദ്ധിക്കുകയും കുറയു കയും ചെയ്യുന്ന ഒന്നാണ്.

ദൈവ മാർഗ്ഗത്തിലേക്കുള്ള പ്രബോധനം-അതിൻെറ മഹത്തായ പ്രതിഫലത്തോടൊപ്പം- സ്ഥൈര്യം ലഭിക്കാനുള്ള ഒരു മാർഗമായി ത്തീരുന്നു. കടന്നാക്രമണത്തിൻെറ നിരയിലെത്തിയവന് ഉപരോധ ത്തിൻെറ ആവശ്യമില്ല. ഈ പ്രബോധകരുടെ കൂടെ അല്ലാഹു ഉ ണ്ട്. അവർക്ക് ധൈര്യവും സ്ഥൈര്യവും അവൻ നൽകും. പ്രവർ ത്തനത്തിലൂടെയും പരിചയത്തിലൂടെയും രോഗത്തോട് അങ്കം വെട്ടു ന്ന ഒരു ഡോക്ടറെ പോലെയാണ് പ്രബോധകൻ.

## 10-സ്ഥൈര്യം നൽകുന്ന ഘടകങ്ങളുമായി സഹ വാസം.

ഇത്തരം ഘടകങ്ങളുടെ വിശേഷണങ്ങളിൽ പെട്ടതാകുന്നു ന ബി (സ) നമുക്ക് പരിചയപ്പെടുത്തിത്തരുന്ന ഒരുവ്യക്തി;

انّ من الناس ناسا مفاتيح للخير مغاليق للشّرّ .

മനുഷ്യരിൽ ചിലരുണ്ട്, അവർ എല്ലാ നന്മകളെയും ശക്തമാ യി തുറക്കുന്നവരും എല്ലാ തിന്മകളെയും ശക്തമായി അടക്കുന്ന്വ രുമായിരിക്കും. [ഇബ്നുമാജ:]

പണ്ഢിതർ, സദ്വൃത്തർ, സത്യവിശ്വാസികളായ പ്രബോധകർ എന്നിവരെ അന്വേഷിച്ചു കണ്ടെത്തി, അവരുമായി സഹവസിക്കൽ സ്ഥൈര്യം ലഭിക്കാൻ വളരെ സഹായകമാകും. അവിടെയായിരി ക്കും

സ്ഥൈര്യത്തിൻെറ അടിസ്ഥാന കാരണമായി ഇസ്ലാമിക സാഹോദര്യം പ്രത്യക്ഷപ്പെടുന്നത്. സദ്വൃത്തരായ സഹോദരങ്ങളും മാതൃകാ പുരുഷരും നിർദ്ദേശകരും വഴിയിൽ താങ്കളുടെ സഹായി കളും താങ്കൾക്ക് ആസ്പദിക്കാവുന്ന ഏറ്റവും നല്ല അവലംബവു മായിത്തീരും. അവരുടെ പക്കലുള്ള ദൈവീക വചനങ്ങളും തത്വ ങ്ങളും കൊണ്ട് താങ്കൾക്കവർ സ്ഥൈര്യം നൽകും. താങ്കൾ അ വരുടെകൂടെ സഹവസിക്കുക. അവരോട് തോളുരുമ്മി നിൽക്കുക. ഒറ്റപ്പെടാതിരിക്കുക. ഒറ്റപ്പെട്ടാൽ പിശാച് താങ്കളെ റാഞ്ചിക്കളയും. കാരണം, ആട്ടിൻ പറ്റത്തിൽ നിന്നും ഒറ്റപ്പെട്ടതിനെ മാത്രമാണ് ചെന്നായ പിടിക്കാറുള്ളത്.

ദൈവ മാർഗ്ഗത്തിൽ ഉറച്ചുനിൽക്കാനുള്ള സുപ്രധാനമായ മറ്റൊ രു മാർഗമാണ് സ്വന്തത്തിനും മറ്റുള്ളവർക്കും ഗുണം കാംക്ഷിക്കു ന്ന നല്ല കൂട്ടുകാർ. നല്ല കൂട്ടുകാരൻ തൻെറ കൂട്ടാളിയെ നന്മയി ലും വിജ്ഞാന സമ്പാദനത്തിലും സഹായിക്കും. അവൻെറ ആരാ ധനയിലോ സ്വഭാവ പെരുമാറ്റങ്ങളിലോ കാണുന്ന ന്യൂനതകളെ കുറിച്ച് അവനെ ഉണർത്തിക്കൊണ്ടിരിക്കും.

## 11-ദൈവസഹായത്തിലും, ഭാവി ഇസ്ലാമിൻേറതാ ണെന്നുമുള്ള പ്രതീക്ഷ.

## 12-അസത്യത്തെ തിരിച്ചറിയുക, അതിൽ വഞ്ചിതനാ കാതിരിക്കുക.

അല്ലാഹു പറയുന്നു:

﴿ لاَيَغُرَّنَّكَ تَقَلُّبُ الَّذِينَ كَفَرُوا فِي الْبِلاَدِ مَتَاعُ قَلِيلُ ثُمَّ مَأْوَاهُمْ جَهَنَّمُ وَبِئْسَ الْمِهَادُ ﴾ (آل عمران:١٩٦)

*സത്യനിഷേധികൾ നാടുകളിലെങ്ങും സ്വൈരവിഹാരം നട ത്തിക്കൊണ്ടിരിക്കുന്നത് നിന്നെ ഒരിക്കലും വഞ്ചിതനാക്കി ക്കളയരുത്. തുച്ഛമായ ഒരു സുഖാനുഭവമാകുന്നു അത്. പിന്നീട് അവർക്കുള്ള സങ്കേതം നരകമത്രെ. അതെത്രയോ മോശമായ വാസസ്ഥലം ! [വി.ഖു-3:196-197]*

## *13-സ്ഥൈര്യത്തിനു സഹായകമായ സ്വഭാവ രൂപീക രണം.*

*ഇതിൽ പ്രാധാന്യം ക്ഷമക്കാകുന്നു. നബി (സ) പ റഞ്ഞു:*

ما أُعْطِيَ أحدٌ عطاء خيرا من الصبر.

*മയെക്കാൾ ഉത്തമവും വിശാലവുമായ ഒരു ദാനവും ആർക്കും നൽകപ്പെട്ടിട്ടില്ല. [ബു.മു.]*

## *14-സൽകർമ്മികളുടെ ഉപദേശം*

*മാന്യ സഹോദരാ, സദ്‌വൃത്തരോട് ഉപദേശങ്ങൾ തേടുന്നതിൽ ശ്രദ്ധ വക്കുക. ലഭിച്ചാൽ അത് ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യു ക. താഴെപറയുന്ന ഘട്ടങ്ങളിൽ ഉപദേശം തേടുന്നത് നന്നായി രിക്കും:*

**വിപത്തിൽ അകപ്പെട്ടേക്കുമെന്ന് ഭയപ്പെട്ടു കൊണ്ടുള്ള യാത്രക്കു മുമ്പ്.*

**പരീക്ഷണ ഘട്ടങ്ങളിൽ, അല്ലെങ്കിൽ പ്രതീക്ഷിക്കപ്പെടുന്ന പരീക്ഷ ണങ്ങളിൽ അകപ്പെടുന്നതിനു മുമ്പ്.*

*ഒരു പദവിയിൽ നിയമിക്കപ്പെടുമ്പോൾ, അല്ലെങ്കിൽ അനന്തരമാ യോ അല്ലാതെയോ സമ്പത്ത് കയ്യിൽ വരുമ്പോൾ.

സ്വയം സ്ഥൈര്യം കൈവരിക്കുക. മറ്റുള്ളവർക്ക് സ്ഥൈര്യം പ കരുക. സത്യവിശ്വാസികളുടെ സഹായി അല്ലാഹുവാകുന്നു.

## 15-മരണസ്മരണ, സ്വർഗ്ഗ നരകങ്ങളെ കുറിച്ചുള്ള ചിന്ത.

സ്വർഗ്ഗം സന്തോഷത്തിൻെറ കേന്ദ്രമാണ്. സത്യ വിശ്വാസിക ളുടെ യാത്രയുടെ അവസാന കേന്ദ്രവുമാണത്. വിഷമങ്ങളെ തര ണം ചെയ്യുവാൻ മാത്രമുള്ള ഒരു പ്രതിഫലം ലഭ്യമല്ലെങ്കിൽ ഒരു ശരീരവും സ്ഥൈര്യം, അദ്ധ്വാനം, ത്യാഗം എന്നിവ ആവശ്യമായ ഒ രു കാര്യവും ചെയ്യുകയില്ല. ആ പ്രതിഫലേഛയാണ് അവൻെറ മാർഗ്ഗത്തിലുള്ള എല്ലാവിഷമങ്ങളെയും തടസ്സങ്ങളെയും നിസ്സാരമാ ക്കിത്തീർക്കുന്നത്.

പ്രതിഫലത്തെ കുറിച്ച് അറിയുന്നവന് ജോലിഭാരം ലഘുവായി ത്തീരും. താനിതിൽ ഉറച്ചുനിന്നില്ലെങ്കിൽ ആകാശഭൂമിയോളം വിശാ ലമായ സ്വർഗമാണ് തനിക്ക് നഷ്ടപ്പെടുന്നതെന്ന ബോധ്യത്തോടെ അവൻ നീങ്ങും.

മരണ സ്മരണ മുസ്ലിമിനെ നാശത്തിൽ പതിക്കാതെ തടയു കയും, ദൈവകൽപന ലംഘിക്കാതെ പിടിച്ചു നിർത്തുകയും ചെ യ്യുന്നു. കാരണം, അവൻെറ അന്ത്യം അൽപ നിമിഷങ്ങൾക്കു ശേ ഷം ഉണ്ടാകുമെന്നറിഞ്ഞാൽ അവൻെറ മനസ്സ് പിന്നെങ്ങനെ വഴി പിഴച്ചു പോകും? തെറ്റുകളെങ്ങനെ അവനു ഭംഗിയായി തോ ന്നും? അതു കൊണ്ടാണ് നബി (സ) പറഞ്ഞത്:

أكثروا من ذكر هادم اللذات.

എല്ലാ സുഖങ്ങളെയും മുറിച്ചു കളയുന്നതിനെ (മരണത്തെ) നി ങ്ങൾ ധാരാളമായി ഓർമ്മിക്കുക [തിർമിദി.]

# സ്ഥൈര്യം ആവശ്യമായ ഘട്ടങ്ങൾ

## 1-കുഴപ്പങ്ങൾ, പരീക്ഷണങ്ങൾ

കുഴപ്പങ്ങളാണ് മനസ്സുകളുടെ ചാഞ്ചല്യങ്ങൾക്കു കാരണം. മ നസ്സിൽ വിശ്വാസത്തെ കുടിയിരുത്തിയ, ഉൾകാഴ്ചയുള്ളവർക്കു മാ ത്രമേ സുഖദുഖങ്ങളുടെ പരീക്ഷണങ്ങളിൽ അകപ്പെടുമ്പോൾ ഉറ ച്ചു നിൽക്കാൻ സാധ്യമാകുകയുള്ളു.

## നാശഹേതുകങ്ങൾ

### *സമ്പത്തും പദവിയും.

ഇവരണ്ടിൻെറയും അപകടങ്ങളെ കുറിച്ച് നബി (സ) പറഞ്ഞു:

ما ذئبان جائعان أُرسلا في غنم بأَفسدَ لهما من حرص المرء على المال والشرف، لدينه (أحمد)

സമ്പത്തും പദവിയും കരസ്ഥമാക്കാനുള്ള മനുഷ്യൻെറ അത്യാ ഗ്രഹം അവൻെറ മതത്തെ നശിപ്പിക്കുന്നതുപോലെ, വിശന്നു വല ഞ്ഞ രണ്ടു ചെന്നായ്ക്കളെ ഒരാടിൻെറ അടുത്തേക്കു വിട്ടാൽ അവ പോലും അതിനെ നശിപ്പിക്കുകയില്ല.

***ഭാര്യ, മക്കൾ.**

അല്ലാഹു പറയുന്നു:

﴿ إِنَّ مِنْ أَزْوَاجِكُمْ وَأَوْلَادِكُمْ عَدُوًّا لَكُمْ فَاحْذَرُوهُمْ ﴾

(التغابن،الآية:١٤)

സത്യവിശ്വാസികളേ, തീർച്ചയായും നിങ്ങളുടെ ഭാര്യമാരി ലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുവുണ്ട്. അതി നാൽ അവരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക [വി.ഖു-64:14]

***അതിക്രമം, കയ്യേറ്റം, അടിച്ചമർത്തൽ.**

***ദജ്ജാൽ**

**2-ധർമ്മസമര പാതയിൽ സ്ഥൈര്യം.**

**3-ഇസ്ലാമിക പാന്ഥാവിൽ ഉറച്ചു നിൽ ക്കൽ.**

**4-മരണവേളയിലെ സ്ഥൈര്യം.**

ഏറ്റവും കഠിനമായ വേളയിൽ സത്യനിഷേധികൾക്കും താ ന്തോന്നികൾക്കും സ്ഥൈര്യം നഷ്ടപ്പെടുകയും മരണവേളയിൽ ശഹാദത് കലിമ ഉച്ചരിക്കാൻ കഴിയാതെ വരികയും ചെയ്യും. വള രെ മോശമായ അന്ത്യത്തിൻെറ അടയാളമാണിത്.

ഒരാളോട് മരണ സമയത്ത് പറയപ്പെട്ടു; ലാഇലാഹ ഇല്ലല്ലാഹ് ചൊല്ലുക. അയാൾ അതുച്ചരിക്കാൻ സമ്മതിക്കാതെ ഇടത്തോട്ടും വലത്തോട്ടും തലയാട്ടിക്കൊണ്ടിരുന്നു.

മറ്റൊരാൾ മരണവേളയിലും 'ഇത് നല്ലൊരു കഷ്ണമാണല്ലോ, ഇത് കുറഞ്ഞവിലക്കു വാങ്ങാം' എന്ന് പറയുന്നു.

മൂന്നാമതൊരുവൻ ചതുരങ്കത്തിലെ (ചെസ്സ്) കരുക്കളുടെ പേരാ ണ് പറഞ്ഞു കൊണ്ടിരുന്നത്.

നാലാമതൊരുവൻ ഗാനങ്ങളും ഇശലുകളും കാമുകീ സ്മരണ കളും മൂളിക്കൊണ്ടിരുന്നു.

കാരണം, ഈ കാര്യങ്ങളായിരുന്നു ഐഹിക ജീവിതത്തിൽ ദൈവസ്മരണയിൽ നിന്നും അവരെ അകറ്റിയിരുന്നത്.

ഇവരിൽ ചിലരിൽ കറുത്തമുഖവും, ദുർഗന്ധവും, ജീവൻ പി രിയുമ്പോൾ മുഖം ഖിബ്‌ലയിൽ നിന്ന് തിരിയുന്നതും എല്ലാം ക ണ്ടേക്കാം. ലാഹൗല വലാഖുവ്വത ഇല്ലാബില്ലാഹ്.

എന്നാൽ പ്രവാചകപാത പിൻപറ്റിയവനും സദ്‌വൃത്തരുമായവ ർക്ക് മരണവേളകളിൽ അല്ലാഹു സ്ഥിരചിത്തത നൽകും. അവർ ലാഇലാഹ ഇല്ലല്ലാഹ് ഉച്ചരിക്കുകയും ചെയ്യും. അവരുടെ ജീവൻ പിരിയുമ്പോൾ മുഖപ്രസന്നതയോ, സുഗന്ധമോ, മറ്റു സന്തോഷ കരമായ കാര്യങ്ങളോ ഉണ്ടായേക്കാം.

# പശ്ചാത്തപിക്കുക

## പശ്ചാത്താപത്തിൻെറ നിബന്ധനകൾ

ഖുർആനിൻെറയും നബിചര്യയുടെയും അടിസ്ഥാനത്തിൽ പശ് ചാത്താപത്തിന് നാലുനിബന്ധനകൾ ഉണ്ടെന്ന് പണ്ഡിതർ പറ ഞ്ഞിരിക്കുന്നു.

1-തെറ്റിൽ നിന്നും ഉടനടി വിരമിക്കുക.
2-സൽകർമ്മങ്ങളിൽ വീഴ്ചവന്നതിൽ ഖേദിക്കുക.
3-ഇനി തെറ്റിലേക്ക് തിരിച്ചുപോകില്ലെന്ന് തീരുമാനിക്കുക.
4-അതിക്രമിച്ചെടുത്ത അവകാശങ്ങൾ തിരിച്ചേൽപിക്കുക. അല്ലെങ്കി ൽ പൊരുത്തപ്പെടുവിക്കുക.

## യഥാർത്ഥ പശ്ചാത്താപം

അർത്ഥവത്തായ പശാചാത്താപത്തിനു മറ്റു ചില വിശദീകരണ ങ്ങൾ കൂടി ചിലപണ്ഡിതർ പറഞ്ഞിട്ടുണ്ട്. അവ ചില ഉദാഹരണ സഹിതം പറയാം.

1-തെറ്റ് ഒഴിവാക്കുന്നത് അല്ലാഹുവിൻെറ പ്രീതി മോഹിച്ചു കൊ ണ്ടു മാത്രമായിരിക്കണം. തെറ്റു ചെയ്യാനോ, അത് തുടർന്നു പോകാനോ ഉള്ള കഴിവു കുറവ്, ജനങ്ങൾ പറഞ്ഞേക്കുമോ എ ന്ന പേടി പോലെയുള്ളവ മൂലമാകരുത്.

ഈ തെറ്റ് എൻെറ പദവിയെയും പ്രശസ്തിയെയും ബാധിച്ചേ ക്കും, ജോലി തെറിച്ചേക്കും എന്നെല്ലാം തോന്നി തെറ്റുകൾ ഉപേ ക്ഷിച്ചവനെ പശ്ചാത്തപിച്ചവൻ എന്നു പറയപ്പെടുകയില്ല.

ആരോഗ്യവും ശക്തിയും സംരക്ഷിക്കുവാൻ വേണ്ടി തെറ്റുകൾ ഉപേക്ഷിച്ചവനും പശ്ചാത്തപിച്ചവൻ എന്നു പറയപ്പെടുകയില്ല.

ഉദാ:- മാരകരോഗങ്ങളും പകർച്ചവ്യാധികളും ഭയന്നുകൊണ്ട്, അ ല്ലെങ്കിൽ തൻെറ ശരീരത്തെയും ഓർമ്മശക്തിയെയും ക്ഷയിപ്പി ച്ചേക്കുമെന്ന ഭയത്താൽ വ്യഭിചാരവും സ്വവർഗ്ഗരതിയും ഉപേക്ഷി ച്ചവൻ.

കാവൽക്കാരനെയോ പൊലീസിനെയോ ഭയന്നു, അല്ലെങ്കിൽ ഖജനാവ് തുറക്കാൻ കഴിയാതെ, അതുമല്ലെങ്കിൽ വീട്ടിനകത്തു പ്രവേശിക്കാൻ മാർഗം കാണാത്തതിനാൽ മോഷണം ഉപേക്ഷിച്ച്വ നും പശ്ചാത്തപിച്ചവനല്ല.

അഴിമതിവിരുദ്ധ സെല്ലിലെ ആളായിരിക്കുമോ തനിക്കു കൈ ക്കൂലി തരുന്നതെന്ന് ഭയപ്പെട്ടു കൊണ്ട് അത് ഒഴിവാക്കിയവനും പശ്ചാത്തപിച്ചവനാകില്ല.

പാപ്പരായിപ്പോകുമെന്ന ഭയത്താൽ മദ്യവും മയക്കു മരുന്നും ഉ പേക്ഷിച്ചവനും പശ്ചാതപിച്ചവൻ എന്നു പറയപ്പെടാവതല്ല.

എന്നാൽ ഇത്തരം തെറ്റുകളിൽ നിന്നെല്ലാം ഖേദിച്ചു മടങ്ങണം. തെറ്റു ചെയ്യാനുള്ള ആസക്തിയിൽ നിന്നു തന്നെ പിന്മാറണം. അ തിനുള്ള അവസരം പാഴായിപ്പോയതിൽ യാതൊരു നഷ്ടബോധ വും ഉണ്ടാകരുത്. നബി (സ) പറഞ്ഞു: الندم توبة കുറ്റബോധം അ തു തന്നെയാണ് പശ്ചാത്താപം [അഹ്മദ്.]

2-പാപത്തിൻെറ ദൂഷ്യവും അപകടവും അറിഞ്ഞിരിക്കുക. അതായ ത് കുറ്റകരങ്ങളായ മുൻചെയ്തികളെ ഓർക്കുമ്പോൾ സന്തോ ഷവും മാനസികോല്ലാസവും തോന്നലും അല്ലെങ്കിൽ ഭാവിയിൽ അതിലേക്കു തന്നെ മടങ്ങണമെന്ന കൊതിയും ശരിയായ പശ് ചാത്താപവും ഒരുമിച്ച് ഉണ്ടാകുക സാദ്ധ്യമല്ല.

3-എത്രയും വേഗത്തിൽ പശ്ചാത്തപിക്കുക. പശ്ചാത്താപം പിന്തി ക്കുന്നതു തന്നെ ഒരുപാപമാണ്. അതിനും പശ്ചാത്താപം വേ ണ്ടി വരും.

4-ഒരിടത്ത് നിന്നാൽ വീണ്ടും തെറ്റിലേക്കു തന്നെ പോയേക്കാവുന്ന പരിസരവും തെറ്റിലേക്കു നയിച്ചേക്കാവുന്ന കൂട്ടുകാരെയും വിട്ടു പോകുക. മുൻ കൂട്ടുകാരുമായി ബന്ധം പുനഃസ്ഥാപിക്കുന്ന തോടെ വീണ്ടും തെറ്റിൽ ചെന്നുവീഴുന്ന പലഅവസ്ഥാ വിശേഷ ങ്ങളുമുണ്ടാകാറുണ്ട്.

5-തെറ്റിൻെറ ഉപകരണങ്ങളെ നശിപ്പിക്കുക. മദ്യം, വിനോദോപ കരണങ്ങൾ, ചിത്രങ്ങൾ, ചീത്തഫിലിം, അശ്ളീല, പൈങ്കിളി പ്ര സിദ്ധീകരണങ്ങൾ തുടങ്ങിയവ. ഇവയെല്ലാം നശിപ്പിക്കുകയോ ചുട്ടെരിക്കുകയോ വേണം. ഇങ്ങനെയുള്ള എത്രയെത്ര അശ്ളീ ല, പൈങ്കിളി പ്രസിദ്ധീകരണങ്ങളാണ് പശ്ചാത്തപിച്ചു മടങ്ങിയ വരെപ്പോലും വീണ്ടും ദുർമാർഗത്തിലേക്കു തന്നെ തിരിച്ചുവിട്ടത്. അല്ലാഹു നമ്മെ രക്ഷിക്കട്ടെ.

6-ചീത്തകൂട്ടുകാർക്കു പകരം സൽകാര്യങ്ങൾ പ്രോൽസാഹിപ്പി ക്കുന്ന ഉത്തമ കൂട്ടുകാരെ കണ്ടെത്തുക. ദൈവ സ്മരണയുടെ യും വിജ്ഞാനത്തിൻെറയും സദസ്സുകളിൽ സദാ ഹാജറാകുക. ദുഷിച്ച മുൻ കാലങ്ങളെ കുറിച്ച് ഓർമ്മിപ്പിക്കാൻ പിശാചിന് ഒ രവസരവും ലഭിക്കാത്തവിധം സമയം മുഴുവൻ നല്ലകാര്യങ്ങൾ ക്കു വേണ്ടി മാത്രം ചെലവഴിക്കുക.

അല്ലാഹുവേ; എല്ലാകാര്യത്തിലും സ്ഥൈര്യം നീ ഞങ്ങൾക്കു നൽകേണമേ, സൽബുദ്ധിയിൽ നീ ഞങ്ങളെ ഉറപ്പിച്ചു നിർത്തേണമേ.

وصلى الله وسلم وبارك على نبينا محمد وآله وصحبه أجمعين.